# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 711 — 03.12.2014 ൽ മറുപടിക്ക്

## മാവേലിക്കര ജില്ലാ ആശുപത്രി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ.രാജേഷ് | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സെന്ററിനുള്ള ഭൗതിക സാഹചര്യമൊരുക്കിയാൽ കാരുണ്യ ഡയാലിസിസ് സെന്റർ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; | (എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്. |
| (ബി) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡോക്ടർമാരുടെയും ഇതര സ്റ്റാഫുകളുടെയും ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യ മാക്കുമോ; ഈ ഒഴിവുകൾ നികത്തുന്നതിനും ആശുപത്രിയെ പൂർണ്ണ സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; | (ബി) അസിസ്റ്റന്റ് സർജൻ, ഡ്രൈവർ എന്നിവയിലെ ഒഴിവുകൾ പി.എസ്.സിയെ ഇതിനോടകം അറിയിച്ചിട്ടുണ്ട്. ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ, ഇ.സി.ജി ടെക്നീഷ്യൻ എന്നിവയിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയാണ്. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഒഴിവുകളിൽ ജൂനിയർ കൺസൾട്ടന്റ് ഒഴിവ് നികത്തുന്നതിനായി സർവ്വീസിലെ ഡോക്ടർമാരിൽ പി.ജി ബിരുദമുള്ളവരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് സ്പെഷ്യാലിറ്റി കേഡർ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് കൺസൾട്ടന്റ് തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഒഴിവുള്ള മറ്റു തസ്തികകളായ പ്ലംബർ, ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ്-2 എന്നിവ നികത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) മാവേലിക്കര മണ്ഡലത്തിലെ വിവിധ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും പ്രൈമറി ഹെൽത്ത് സെന്ററുകളിലും ഒഴിഞ്ഞു കിടക്കുന്ന തസ്തികകളുടെ വിശദാംശങ്ങൾ ലഭ്യ മാക്കുമോ ; | (സി) മാവേലിക്കര മണ്ഡലത്തിലെ വിവിധ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും പ്രൈമറി ഹെൽത്ത് സെന്ററുകളിലുമുള്ള ഒഴിവുകൾ താഴെ വിവരിക്കും പ്രകാരമാണ്. |

1. സി.എച്ച്.സി.ചുനക്കര -സിവിൽ സർജൻ -1
   -അസിസ്റ്റന്റ് സർജൻ-1
   - പി.എച്ച്.നഴ്സ് -1
2. പി.എച്ച്.സി പാലമേൽ-അസിസ്റ്റന്റ് സർജൻ-1
3. പി.എച്ച്.സി വള്ളികുന്നം-ഓഫീസ് അറ്റന്റന്റ്-1

| | | | |
|---|---|---|---|
| (ഡി) | ഈ തസ്തികകളിൽ അടിയന്തരമായി നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | അസിസ്റ്റന്റ് സർജൻ തസ്തികയിലെ ഒഴിവുകൾ ഇതിനോടകം തന്നെ പി.എസ്.സിയെ അറിയിച്ചിട്ടുണ്ട്. പി.എസ്.സി-യിൽ നിന്നും നിയമന ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ടി ഒഴിവുകൾ നികത്തുന്നതാണ്. സിവിൽ സർജൻ തസ്തികയിലെ ഒഴിവ് ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രൊമോഷനിലൂടെ നികത്തുന്നതാണ്. പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിലെ ഒഴിവ് നികത്തുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്. |

(signature)

സെക്ഷൻ ഓഫീസർ